**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3840** **27-10-2021 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളിലെ അപകടങ്ങൾ കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ നദികൾ, കായലുകൾ, ഡാം സൈറ്റുകൾ, തണ്ണീർതടങ്ങൾ, കുളങ്ങൾ, ഉൾപ്പെടെയും ഒപ്പം കടലോര മേഖലകളിലും അപകടങ്ങളിൽപ്പെടുന്ന യുവാക്കൾ ഉൾപ്പെടെയുള്ളവരുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്ത ജലാശയങ്ങളിൽപ്പെട്ടുള്ള അപകടങ്ങൾ എത്ര എന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ ഓരോ വർഷവും മരണപ്പെട്ടവർ എത്ര എന്നും എത്ര പേരെ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരും നാട്ടുകാരും രക്ഷപ്പെടുത്തി എന്നും വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്ത ജലാശയങ്ങൾ ഉൾപ്പെടെയുള്ള അപകടങ്ങൾ, അപകടങ്ങളിൽ മരണപ്പെട്ടവർ, അപകടങ്ങളിൽ നിന്നും രക്ഷിക്കപ്പെട്ടവർ എന്നിവരുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി നൽകിയിരിക്കുന്നു. |
| (സി) | പ്രസ്തുത അപകടങ്ങൾ സംഭവിക്കുന്നത് മദ്യം, മയക്കുമരുന്നു തുടങ്ങിയവ ഉപയോഗിക്കുന്നതിനാലും അജ്ഞതയാലും പരിചയക്കുറവ് മൂലവും സ്ഥലത്തെക്കുറിച്ച് വിവരമില്ലാത്തതും മൂലമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | സ്ഥലപരിചയക്കുറവും നീന്തൽ വശമില്ലാത്തതുമൂലവുമുള്ള കാരണങ്ങളാലാണ് ഭൂരിഭാഗം അപകടങ്ങളും സംഭവിക്കുന്നത്. |
| (ഡി) | എങ്കിൽ ഇത്തരം ജലാശയ മേഖലകളിൽ കൃത്യമായ വിവരണ ബോർഡുകളും നിരീക്ഷണത്തിന് സംവിധാനവും നിയമ ലംഘകർക്കെതിരെ കർശന നടപടികളും ഉറപ്പുവരുത്തുന്നത് സർക്കാർ പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഇത്തരത്തിൽ പതിവായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും ബീച്ച് ഏരിയകളിലും മറ്റും പോലീസ് പട്രോളിംഗ് ശക്തമാക്കിയും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും മറ്റും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴി ബോധവത്കരണം നടത്തിയും അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ സുരക്ഷാ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | 2016 | 2017 | 2018 | 2019 | 2020 | 2021 upto 14.10.2021 |
|---|---|---|---|---|---|---|
| അപകടങ്ങളുടെ എണ്ണം | 996 | 1218 | 1188 | 1270 | 1051 | 863 |
| മരണപ്പെട്ടവരുടെ എണ്ണം | 1025 | 1248 | 1213 | 1287 | 1067 | 870 |
| രക്ഷിക്കപ്പെട്ടവരുടെ എണ്ണം | 58 | 99 | 56 | 60 | 62 | 144 |